# 7/2015 - M

1. വിക്രംസാരാഭായ് സ്പേസ് സെന്റർ സ്ഥിതിചെയ്യുന്നതെവിടെ ?

   (A) ഡൽഹി (B) മദ്രാസ്

   (C) തിരുവനന്തപുരം (D) ബാംഗ്ലൂർ

2. മഹാരാഷ്ട്രയിൽ പശ്ചിമഘട്ടം ഏത് പേരിലറിയപ്പെടുന്നു ?

   (A) നീലഗിരി (B) പശ്ചിമഹിമാചൽ

   (C) ആരവല്ലി (D) സഹ്യാദ്രി

3. ഇന്ത്യൻ വ്യോമ ഗതാഗതത്തിന്റെ പിതാവ് ആര് ?

   (A) ധീരുഭായി അംബാനി (B) ജെ.ആർ.ഡി. ടാറ്റാ

   (C) രത്തൻ ടാറ്റ (D) മുകേഷ് അംബാനി

4. റിസർവ് ബാങ്ക് ഗവർണർ ആര് ?

   (A) രഘുറാം രാജൻ (B) സുബ്ബറാവു

   (C) അലുവാലിയ (D) മൻമോഹൻസിങ്

5. ഇന്ത്യയിൽ ആദ്യ സമ്പൂർണ്ണ വനിതാ കോടതി എവിടെ സ്ഥാപിതമായി ?

   (A) ചെന്നൈ (B) ഒറീസ്സ (C) ബംഗാൾ (D) ഡൽഹി

6. പായ്‌വഞ്ചിയിൽ ഒറ്റയ്ക്ക് ലോകം ചുറ്റിയ ആദ്യ ഇന്ത്യൻ നാവികൻ :

   (A) ബജേന്ദ്രിപാൽ (B) വിക്രംസിങ് (C) അഭിലാഷ് ടോമി (D) യോഹന്നാൻ

7. ലോക്‌സഭാ സ്പീക്കറായ രണ്ടാമത്തെ ഇന്ത്യൻ വനിത :

   (A) മീരാകുമാർ (B) സുമിത്ര മഹാജൻ

   (C) നജ്മ ഹെപ്ത്തുള്ള (D) സ്മൃതി ഇറാനി

8. 2014 -ൽ ലോക്‌സഭാ തെരെഞ്ഞെടുപ്പിൽ കേരളത്തിൽ നിന്ന് ഏറ്റവും വലിയ ഭൂരിപക്ഷം നേടിയ പാർലമെന്റ് അംഗം :

   (A) ഇ.ടി. മുഹമ്മദ് ബഷീർ (B) എം.ഐ. ഷാനവാസ്

   (C) ഇന്നസെന്റ് (D) ഇ. അഹമ്മദ്

9. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ ജോലിചെയ്യുന്ന പൊതുമേഖല സ്ഥാപനമേത് ?

(A) ഇന്ത്യൻ റെയിൽവേ (B) BSNL

(C) ഇന്ത്യൻ പോസ്റ്റൽ (D) LIC

10. സത്യം ശിവം സുന്ദരം ഏതിന്റെ ആപ്തവാക്യമാണ് ?

(A) ആകാശവാണി (B) ദൂരദർശൻ

(C) ഇന്ത്യൻ ന്യൂസ്പേപ്പർ (D) ഏഷ്യാനെറ്റ്

11. ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്ന ഇന്ത്യൻ സ്വാതന്ത്ര്യ സമര നേതാവ് :

(A) തിലക് (B) പട്ടേൽ (C) ലാല ലജ്പത് റായ് (D) ഭഗത്സിങ്

12. കേരള ഗവർണർ ആര് ?

(A) നിഖിൽകുമാർ (B) ശങ്കരനാരായണൻ

(C) ഷീലദീക്ഷിത് (D) മീരാകുമാർ

13. 2013 ഇന്ദിരാഗാന്ധി ദേശീയോദ്ഗ്രഥന അവാർഡ് നേടിയതാര് ?

(A) എ.പി.ജെ.അബ്ദുൽകലാം (B) യു.ആർ.അനന്തമൂർത്തി

(C) രാജേന്ദ്ര പച്ചൗരി (D) എം.എസ്.സ്വാമിനാഥൻ

14. കേരള മലയാള സർവ്വകലാശാല സ്ഥിതിചെയ്യുന്നതെവിടെ ?

(A) കോട്ടയം (B) തിരൂർ

(C) തൃശ്ശൂർ (D) തിരുവനന്തപുരം

15. ബംഗാൾ വിഭജനം റദ്ദാക്കിയ വർഷമേത് ?

(A) 1911 (B) 1905 (C) 1910 (D) 1906

16. മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്ത ഇന്ത്യക്കാരനാര് ?

(A) ഗാന്ധിജി (B) നെഹ്റു (C) അംബേദ്കർ (D) പട്ടേൽ

17. ബ്രഹ്മസമാജ സ്ഥാപകനാര് ?

(A) സ്വാമി വിവേകാനന്ദൻ (B) രാജാറാം മോഹൻ റോയ്

(C) ടാഗോർ (D) ദയാനന്ദസരസ്വതി

18. ആരുടെ ജന്മദിനമാണ് ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത് ?

(A) നെഹ്റു

(B) പട്ടേൽ

(C) മൗലാനാ അബ്ദുൾകലാം ആസാദ്

(D) ഗാന്ധിജി

19. ശ്രീബുദ്ധന്റെ യഥാർത്ഥ നാമം :

(A) നരേന്ദ്രൻ (B) ഗൗതമൻ (C) ചാണക്യൻ (D) രാജാറാം

20. ഇന്ത്യാ ചരിത്രത്തിലെ പ്രധാനപ്പെട്ട യുദ്ധങ്ങൾ 1526, 1556, 1761 എന്നീ വർഷങ്ങളിൽ നടന്നു. ഏതാണ് യുദ്ധം ?

(A) തെറൈയ്ൻ യുദ്ധം (B) പ്ലാസി യുദ്ധം

(C) പാനിപത്ത് യുദ്ധം (D) ബക്സാർ യുദ്ധം

21. ഹൈദരാബാദിൽ പ്ലേഗ് നിർമ്മാർജ്ജനത്തിന്റെ ഓർമ്മയ്ക്കായി പണിത സ്മാരകമേത് ?

(A) ചാർമിനാർ (B) താജ്മഹൽ

(C) കുത്തബ്മിനാർ (D) ഗോൾഗുംബസ്

22. ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ഇന്ത്യൻ സംസ്ഥാനം :

(A) കർണ്ണാടക (B) മദ്ധ്യപ്രദേശ് (C) തമിഴ്നാട് (D) ഗുജറാത്ത്

23. ദേശീയ പത്രദിനം എന്ന് ?

(A) നവംബർ 11 (B) നവംബർ 16 (C) നവംബർ 1 (D) നവംബർ 4

24. മൗലിക കർത്തവ്യങ്ങൾ എന്ന ആശയം ഇന്ത്യൻ ഭരണഘടന ഏത് രാജ്യത്ത് നിന്നാണ് കടമെടുത്തത് ?

(A) യു.എസ്.എ (B) യു.എസ്.എസ്.ആർ

(C) ബ്രിട്ടൺ (D) കാനഡ

25. സുപ്രീം കോടതി ചീഫ് ജസ്റ്റിസായ ആദ്യ മലയാളി :

(A) ജസ്റ്റിസ് കുര്യൻ ജോസഫ് (B) ജസ്റ്റിസ് കെ.ടി. തോമസ്

(C) ജസ്റ്റിസ് ബാലകൃഷ്ണ ഏറാടി (D) ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ

26. ഭരണഘടന പ്രകാരം പാർലമെന്റിലേക്ക് എത്ര അംഗങ്ങളെ രാഷ്ട്രപതിക്ക് നാമനിർദ്ദേശം ചെയ്യാം ?

(A) 15 (B) 14 (C) 20 (D) 2

27. ഇന്ത്യൻ ദേശീയപതാകയുടെ ശിൽപിയാര് ?

(A) ടാഗോർ (B) നെഹ്റു

(C) പിംഗാലി വെങ്കയ്യ (D) ഗാന്ധിജി

28. ജനഗണമന ഏത് രാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത് ?

(A) മോഹനം (B) ശങ്കരാഭരണം (C) ആന്ദോളനം (D) അമൃതവർഷിണി

29. ദേശീയ ഗാനം ആലപിക്കാൻ എടുക്കുന്ന സമയമെത്ര ?

(A) 52 സെക്കന്റ് (B) 54 സെക്കന്റ് (C) 56 സെക്കന്റ് (D) 50 സെക്കന്റ്

30. കേരളത്തിലെ നെതർലാന്റ് എന്നറിയപ്പെടുന്നസ്ഥലം :

(A) പാലക്കാട് (B) കുട്ടനാട് (C) പറമ്പിക്കുളം (D) വയനാട്

31. "മരിക്കുക അല്ലെങ്കിൽ ജീവിക്കുക" എന്നത് ഇന്ത്യയിലെ ഏത് സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ടതാണ് ?

(A) ക്വിറ്റ് ഇന്ത്യ (B) ദണ്ഡിമാർച്ച്

(C) വൈക്കം സത്യാഗ്രഹം (D) ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരം

32. 1984 -ൽ അമൃത്സറിലെ സുവർണ്ണക്ഷേത്രത്തിൽ വെച്ച് നടന്ന സൈനിക നടപടി ഏതു പേരിൽ അറിയപ്പെടുന്നു ?

(A) ഓപ്പറേഷൻ കൊക്കൂൺ (B) ഓപ്പറേഷൻ ബ്ലൂസ്റ്റാർ

(C) ഓപ്പറേഷൻ വിജയ് (D) ഓപ്പറേഷൻ കുബേര

33. മൗലിക അവകാശങ്ങളുടെ ശിൽപി ആര് ?

(A) അംബേദ്കർ (B) പട്ടേൽ (C) നെഹ്റു (D) ഗാന്ധിജി

34. കേരളത്തിലെ പ്രസിദ്ധമായ പാതിരാമണൽ ദ്വീപ് ഏത് കായലിലാണ് സ്ഥിതിചെയ്യുന്നത് ?

(A) അഷ്ടമുടി കായൽ (B) പുന്നമട കായൽ

(C) വേമ്പനാട്ട് കായൽ (D) ശാസ്താംകോട്ട കായൽ

35. ഇന്ത്യയിലെ ഏക അംഗീകൃത പതാക നിർമ്മാണ ശാല എവിടെയാണ് ?

(A) ബാംഗ്ലൂർ (B) ഡൽഹി (C) ഹുബ്ലി (D) മൈസൂർ

36. കേരളത്തിലെ ഏറ്റവും വലിയ നദി :

(A) ഭാരതപ്പുഴ (B) പെരിയാർ (C) ചാലിയാർ (D) പമ്പ

37. കേരളത്തിൽ ഏറ്റവും കൂടുതൽ ദേശീയോദ്യാനങ്ങൾ സ്ഥിതിചെയ്യുന്ന ജില്ല :

(A) പാലക്കാട് (B) ഇടുക്കി (C) വയനാട് (D) ആലപ്പുഴ

38. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി :

(A) പറമ്പിക്കുളം (B) പള്ളിവാസൽ (C) തെന്മല (D) ഇടുക്കി

39. കേരളത്തിലെ ഒരേയൊരു ലയൺ സഫാരി പാർക്ക് സ്ഥിതിചെയ്യുന്നതെവിടെ ?

(A) പേപ്പാറ (B) നെയ്യാർ ഡാം (C) പീച്ചി (D) മുത്തങ്ങ

40. ദേശീയ പൈതൃക മൃഗമേത് ?

(A) ആന (B) കടുവ (C) സിംഹം (D) പുലി

41. വന്യജീവി സംരക്ഷണത്തിനായി നിയമം കൊണ്ടുവന്ന ആദ്യ ചക്രവർത്തി :

(A) കനിഷ്കൻ (B) അശോകൻ

(C) ചന്ദ്രഗുപ്ത മൗര്യൻ (D) അക്ബർ

42. സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച രാഷ്ട്രീയപാർട്ടി ഏത് ?

(A) ജനതാപാർട്ടി (B) ഫോർവേഡ് ബ്ലോക്ക്

(C) കമ്മ്യൂണിസ്റ്റ്പാർട്ടി (D) പ്രജപാർട്ടി

43. വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭിക്കുവാൻ അടയ്ക്കേണ്ട ഫീസ് എത്ര ?

(A) ₹ 15 (B) ₹ 10 (C) ₹ 5 (D) ₹ 20

44. ദേശീയ മനുഷ്യാവകാശ നിയമം നടപ്പാക്കിയ വർഷം :

(A) 1954 (B) 1945 (C) 1993 (D) 2000

45. ഇന്ത്യാ-പാക് അതിർത്തി രേഖ ഏത് പേരിലറിയപ്പെടുന്നു ?

(A) മക്മോഹൻ രേഖ (B) മൗണ്ട്ബാറ്റൺ രേഖ

(C) റാഡ്ക്ലിഫ് രേഖ (D) ഡൽഹൗസി രേഖ

46. ഇന്ത്യയിൽ ഗാന്ധിജി നടത്തിയ ആദ്യത്തെ സത്യാഗ്രഹം :

(A) വൈക്കം സത്യാഗ്രഹം (B) ഉപ്പു സത്യാഗ്രഹം

(C) ചമ്പാരൻ (D) ഗുരുവായൂർ സത്യാഗ്രഹം

47. കേരളത്തിലെ ഏറ്റവും നീളം കൂടിയ ബീച്ച് :

(A) മുഴുപ്പിലങ്ങാടി ബീച്ച് (B) കോഴിക്കോട് ബീച്ച്

(C) കോവളം ബീച്ച് (D) ശംഖുമുഖം

48. 1957 -ലെ ആദ്യ നിയമസഭ തെരെഞ്ഞെടുപ്പിൽ ഇ.എം.എസ്.കേരളത്തിൽ മത്സരിച്ച മണ്ഡലമേത് ?

(A) കണ്ണൂർ (B) ഹരിപ്പാട് (C) നീലേശ്വരം (D) കോഴിക്കോട്

49. കേരളത്തിൽ ലിങ്കൺ എന്നറിയപ്പെടുന്ന സാമൂഹിക പരിഷ്കർത്താവ് ആര് ?

(A) ശ്രീനാരായണഗുരു (B) കെ.പി.കേശവമേനോൻ

(C) പണ്ഡിറ്റ് കറുപ്പൻ (D) സഹോദരൻ അയ്യപ്പൻ

50. വനവാസികളും ഭിക്ഷാടകരുമായ സന്ന്യാസികളെ 'ഉദരനിമിത്തം' എന്ന് പരിഹസിച്ച സാമൂഹിക പരിഷ്കർത്താവ് :

(A) ശ്രീനാരായണഗുരു (B) ബ്രഹ്മാനന്ദ ശിവയോഗി

(C) വാഗ്ഭടാനന്ദൻ (D) പണ്ഡിറ്റ് കറുപ്പൻ

51. കേരളത്തിലെ അൽ ഇസ്ലാം എന്ന അറബി മലയാളപത്രത്തിന്റെ സ്ഥാപകനാരായിരുന്നു ?

(A) കുഞ്ഞുമുഹമ്മദ് (B) വക്കം മൗലവി

(C) സീദിസാഹിബ് (D) അബ്ദുറഹ്മാൻ

52. തിരുവിതാംകൂറിലെ ലളിതകലകളുടെ സുവർണകാലമായി അറിയപ്പെട്ടത് ആരുടെ ഭരണ കാലമായിരുന്നു ?

(A) വിശാഖം തിരുന്നാൾ (B) ശ്രീമൂലം തിരുന്നാൾ

(C) ആയില്യം തിരുന്നാൾ (D) സ്വാതി തിരുന്നാൾ

53. പ്രസിദ്ധമായ മലബാർ മാനുവൽ രചിച്ചതാര് ?

(A) വില്യം ലോകൻ (B) വാസ്കോഡഗാമ

(C) ആർഷെ (D) റിപ്പൺ

54. പ്രസിദ്ധമായ കുണ്ടറ വിളംബരം പുറപ്പെടുവിച്ചതാര് ?

(A) പഴശ്ശിരാജ (B) ശക്തൻ തമ്പുരാൻ

(C) വേലുത്തമ്പി ദളവ (D) പാലിയത്തച്ഛൻ

55. കേരളീയ നായർ സമാജം സ്ഥാപിച്ചതാര് ?

(A) ടി.കെ.മാധവൻ (B) മന്നത്തു പത്മനാഭൻ

(C) ശ്രീനാരയണഗുരു (D) കുമാരനാശാൻ

56. 2011-ൽ ആദാമിന്റെ മകൻ അബു എന്ന സിനിമയിലഭിനയിച്ച ഭരത് അവാർഡ് നേടിയ മലയാള നടൻ :

(A) മോഹൻലാൽ (B) സുരാജ് വെഞ്ഞാറമൂട്

(C) സലീം കുമാർ (D) സുരേഷ് ഗോപി

57. 2015 -ലെ ദേശീയ ഗെയിംസിന് ആതിഥേയത്വം വഹിക്കുന്ന ഇന്ത്യൻ സംസ്ഥാനമേത് ?

(A) മഹാരാഷ്ട്ര (B) തമിഴ്നാട് (C) ആന്ധ്രപ്രദേശ് (D) കേരളം

58. 'ക്രിക്കറ്റ് മൈ സ്റ്റൈൽ' എന്ന പ്രസിദ്ധമായ പുസ്തകം രചിച്ച ഇന്ത്യൻ ക്രിക്കറ്ററാര് ?

(A) സുനിൽ ഗാവാസ്ക്കർ (B) സച്ചിൻ

(C) കപിൽ ദേവ് (D) ധോണി

59. കേരള വനം പരിസ്ഥിതി മന്ത്രിയാര് ?

(A) തിരുവഞ്ചൂർ രാധാകൃഷ്ണൻ (B) വി.എസ്.ശിവകുമാർ

(C) കെ.ബാബു (D) ആര്യാടൻ മുഹമ്മദ്

60. പ്രധാനമന്ത്രി നരേന്ദ്രമോഡി ലോക്സഭയിലേക്ക് മത്സരിച്ച് ജയിച്ച ഉത്തർപ്രദേശിലെ മണ്ഡലമേത് ?

(A) റെയ്ബറെലി (B) വാരണാസി (C) അമേഠി (D) വഡോദര

61. ജ്വലനത്തെ സഹായിക്കുന്ന വാതകമാണ് :

(A) ഹൈഡ്രജൻ (B) ഓക്സിജൻ (C) നൈട്രജൻ (D) ക്ലോറിൻ

62. ഒരു വസ്തുവിന് സ്ഥാനം മൂലം ലഭിക്കുന്ന ഊർജ്ജം ഏത് ?

(A) ഗതികോർജ്ജം (B) കാന്തികോർജ്ജം

(C) സ്ഥാനികോർജ്ജം (D) രാസോർജ്ജം

63. കടൽ ജലത്തിൽ ധാരാളമായി കാണപ്പെടുന്ന ലവണമേത് ?

(A) സോഡിയം ക്ലോറൈഡ് (B) പൊട്ടാസ്യം ക്ലോറൈഡ്

(C) മഗ്നീഷ്യം ക്ലോറൈഡ് (D) കാത്സ്യം ക്ലോറൈഡ്

64. ഏത് ഉപകരണത്തിലാണ് വായുവിന്റെ കമ്പനം മൂലം ശബ്ദം ഉണ്ടാകുന്നത് ?

(A) തബല (B) വീണ (C) ഗിറ്റാർ (D) ഓടക്കുഴൽ

65. ഒരു നിർവ്വീര്യ പദാർത്ഥത്തിന്റെ pH മൂല്യം എത്ര ?

(A) 1 (B) 0 (C) 7 (D) 8

66. താഴെ തന്നിരിക്കുന്നവയിൽ ഹരിതഗൃഹവാതകം ഏത് ?

(A) ഓക്സിജൻ (B) കാർബൺ ഡൈ ഓക്സൈഡ്

(C) ഹൈഡ്രജൻ (D) നൈട്രജൻ

67. ചലിക്കുന്ന ഒരു വസ്തുവിന് അതിന്റെ ചലനത്തിൽ തുടരുവാനുള്ള പ്രവണതയാണ് :

(A) വേഗത (B) ത്വരണം (C) ജഡത്വം (D) പ്രവേഗം

68. ഒരു ഒന്നാം വർഗ്ഗ ഉത്തോലമാണ് :

(A) പാക്കുവെട്ടി (B) പേപ്പർ കട്ടർ (C) ചവണ (D) കത്രിക

69. ഹൈഡ്രജൻ വാതകം കണ്ടുപിടിച്ചതാര് ?

(A) ഹെൻട്രി കാവൻഡിഷ് (B) റോബർട്ട് ബോയിൽ

(C) ലോർഡ് കെൽവിൻ (D) മെൻഡലിയേഫ്

70. വൈദ്യുതി കടത്തി വിടാത്ത ഒരു പദാർത്ഥമാണ് :

(A) കോപ്പർ (B) പ്ലാസ്റ്റിക് (C) അലുമിനിയം (D) ഗ്രാഫൈറ്റ്

71. മനുഷ്യന്റെ ഹൃദയ സ്പന്ദന നിരക്ക് :

(A) ഒരു മിനിറ്റിൽ 72 തവണ (B) ഒരു സെക്കന്റിൽ 72 തവണ

(C) ഒരു മണിക്കൂറിൽ 72 തവണ (D) ഒരു ദിവസത്തിൽ 72 തവണ

72. പ്രകാശ സംശ്ലേഷണഫലമായുണ്ടാകുന്ന വാതകം :

(A) കാർബൺ ഡയോക്സൈഡ് (B) കാർബൺ മോണോക്സൈഡ്

(C) ഓക്സിജൻ (D) ഓസോൺ

73. മന്ത് രോഗം പരത്തുന്ന കൊതുക് :

(A) അനോഫിലസ് (B) ക്യൂലക്സ്

(C) എയ്ഡിസ് ഈജിപ്റ്റി (D) എയ്ഡിസ് ആൽബോപിക്റ്റസ്

74. മാതൃസസ്യത്തിന്റെ അതേ ഗുണങ്ങളോടു കൂടിയ നിരവധി സന്താനങ്ങളെ ഒരുമിച്ച് വികസിപ്പിച്ചെടുക്കുന്ന സാങ്കേതിക വിദ്യ :

(A) ബഡ്ഡിംഗ് (B) വർഗ്ഗസങ്കരണം (C) ലെയറിംഗ് (D) ടിഷ്യു കൾച്ചർ

75. ഗോയിറ്ററിന് കാരണമാകുന്നത് താഴെ പറയുന്നവയിൽ ഏതിന്റെ കുറവാണ് ?

(A) ഇരുമ്പ് (B) കാത്സ്യം (C) അയഡിൻ (D) സിങ്ക്

76. താഴെ പറയുന്നവയിൽ നെല്ലു ഗവേഷണ കേന്ദ്രമേത് ?

(A) ആനക്കയം (B) പട്ടാമ്പി (C) ധോണി (D) കുളത്തുപ്പുഴ

77. മനുഷ്യ ശരീരത്തിലെ അസ്ഥികളുടെ എണ്ണം :

(A) 206 (B) 205 (C) 106 (D) 204

78. മനുഷ്യരക്തത്തിന് നിറം നല്കുന്ന വർണ്ണ വസ്തു :

(A) മയോഗ്ലോബിൻ (B) ഹീമോസയാനിൻ

(C) ഹീമോഗ്ലോബിൻ (D) ക്ലോറോഫിൽ

79. താഴെ പറയുന്നവയിൽ ജലസസ്യമല്ലാത്തത് ഏത് ?

(A) ആമ്പൽ (B) താമര (C) ഹൈഡ്രില്ല (D) ഇഞ്ചിൽ കണ്ണി

80. കൂട്ടത്തിൽ മുട്ടയിടുന്ന സസ്തനി ഏത് ?

(A) വവ്വാൽ (B) പ്രാവ് (C) തിമിംഗലം (D) പ്ലാറ്റിപ്പസ്

81. ചതുരാകൃതിയിലുള്ള ഒരു കളിസ്ഥലത്തിന്റെ നീളവും വീതിയും ഇരട്ടിച്ചാൽ അതിന്റെ പരപ്പളവ് എത്ര മടങ്ങാകും ?

(A) 8 (B) 3 (C) 4 (D) 2

82. $(0.3 \times 86) + (0.7 \times 86) =$ ____.

(A) 86 (B) 8.6 (C) 0.86 (D) 860

83. $10^2$ -നോട് എത്ര കൂട്ടിയാൽ $10^3$ കിട്ടും ?

(A) 10 (B) 100 (C) 1000 (D) 900

84. ഒരു സംഖ്യയുടെ ഒന്നിന്റെ സ്ഥാനത്തെ അക്കം $x$ ആണ്. അതിന്റെ മൂന്നിരട്ടിയാണ് പത്തിന്റെ സ്ഥാനത്തെ അക്കം. സംഖ്യ ഏത് ?

(A) $x+3$ (B) $31x$ (C) $4x$ (D) $10x+3$

85. ഒരു ടാങ്കിന്റെ $\frac{3}{5}$ ഭാഗം നിറയുവാൻ 21 മിനിട്ട് വേണം. എങ്കിൽ ടാങ്ക് പൂർണ്ണമായി നിറയുവാൻ എത്ര മിനിട്ട് വേണം ?

(A) 25 (B) 35 (C) 42 (D) 60

86. 1, −1, 1, −1, .....എന്ന ശ്രേണിയിലെ 25 പദങ്ങളുടെ തുക എന്ത് ?

(A) +1 (B) 0 (C) −1 (D) 25

87. മൂന്നക്ക സംഖ്യകളിൽ മൂന്നും ഒരേ അക്കം വരുന്ന സംഖ്യകളുടെ എണ്ണം എത്ര ?

(A) 1 (B) 3 (C) 9 (D) 100

88. 2 : 3 എന്ന അംശബന്ധത്തിന് തുല്യമല്ലാത്തത് ഏത് ?

(A) 8 : 12 (B) 3 : 4.5 (C) 10 : 15 (D) 4 : 5

89. താഴെ കൊടുത്തിരിക്കുന്നവയിൽ പൂർണ വർഗം ഏത് ?

(A) 1.6 (B) 0.16 (C) 0.016 (D) 0.00016

90. $2^5 - 2^4 + 1 =$ ___.

(A) 15 (B) 16 (C) 17 (D) 3

91. $\dfrac{\frac{1}{2}+\frac{1}{2}}{\left(\frac{1}{2}\times\frac{1}{2}\right)} \div \frac{1}{2} =$ ___.

(A) 2 (B) 4 (C) 8 (D) 16

92. ഒരു മട്ടത്രികോണത്തിന്റെ 2 വശങ്ങൾ തുല്യമാണ്. ഒരു വശം 3 സെ.മീ. ആയാൽ നീളം കൂടിയ വശത്തിന്റെ അളവ് എത്ര ?

(A) $3\sqrt{2}$ (B) $3\sqrt{3}$ (C) 6 (D) 9

93. എത്ര വർഷം തികയുമ്പോഴാണ് വജ്ര ജൂബിലി ആഘോഷിക്കുന്നത് ?

(A) 25 (B) 75 (C) 50 (D) 60

94. 4% പലിശ നിരക്കിൽ ₹ 10,000 രൂപയ്ക്ക് 1 മാസം കിട്ടുന്ന പലിശ എന്ത് ?

(A) ₹ 400 (B) ₹ 125 (C) ₹ 75 (D) ₹ 35

95. 3, 5, 9, 15, ..... ഈ ശ്രേണിയിലെ അടുത്ത പദം ഏത് ?

(A) 18 (B) 20 (C) 23 (D) 25

96. $101^2 - 99^2 =$ ______.

(A) 400 (B) 200 (C) 100 (D) 2

97. 0.01 എന്നതിന്റെ വർഗമാണ്_________.

(A) 0.001 (B) 0.0001 (C) 0.02 (D) 0.1

98. 30 സെ.മീ., 20 സെ.മീ. അളവുകൾ ഉള്ള ഒരു ചതുര പേപ്പറിൽ നിന്ന് വെട്ടിയെടുക്കാവുന്ന ഏറ്റവും വലിയ സമചതുരത്തിന്റെ പരപ്പളവ് എന്ത് ?

(A) 900 (B) 600 (C) 500 (D) 400

99. അമ്മുവിന് 3 പരീക്ഷകളിൽ ശരാശരി മാർക്ക് 50 ആയിരുന്നു. 4 പരീക്ഷകളിലെ ശരാശരി മാർക്ക് 60 ആയാൽ 4 -മത്തെ പരീക്ഷയിൽ അമ്മുവിന് ലഭിച്ച മാർക്ക് എത്ര ?

(A) 80 (B) 90 (C) 95 (D) 110

100. ഒരു ദീർഘ ചതുരത്തിന്റെ നീളം വീതിയുടെ ഇരട്ടിയാണ്. പരപ്പളവ് 512 ച.സെ.മീ. ആയാൽ ചുറ്റളവ് എത്ര ?

(A) 64 (B) 32 (C) 128 (D) 256

- o 0 o -